# കേരള സർവകലാശാല

നം.പി.ആർ.242/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഇൻഡ്യൻ ഹിസ്റ്ററി കോൺഗ്രസ് : ഗ്രീൻ പ്രോട്ടോക്കോളുമായി കേരള സർവകലാശാല

ഡിസംബർ 28, 29, 30 തീയതികളിൽ കാര്യവട്ടം കാമ്പസിൽ നടക്കുന്ന ഇൻഡ്യൻ ഹിസ്റ്ററി കോൺഗ്രസ് വേദിയെ പ്ലാസ്റ്റിക് വിമുക്തവും പരിസ്ഥിതി സൗഹൃദവുമാക്കാൻ ഒരുങ്ങി കേരള സർവകലാശാല.

കേരള സർവകലാശാല പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഇൻഡ്യൻ ഹിസ്റ്ററി കോൺഗ്രസ് കോർ കമ്മിറ്റി യോഗത്തിലാണ് സംസ്ഥാന ശുചിത്വ മിഷനുമായി സഹകരിച്ച് ഗ്രീൻ പ്രോട്ടോക്കോൾ പരമാവധി പാലിക്കാൻ തീരുമാനമായത്. വിദേശ രാജ്യങ്ങളിൽ നിന്നുൾപ്പെടെ 3000-ത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന ഇൻഡ്യൻ ഹിസ്റ്ററി കോൺഗ്രസിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന്റെ ഭാഗമായി 150-ഓളം വോളണ്ടിയർമാരെ ഗ്രീൻ വോളണ്ടിയർ എന്ന പേരിൽ നിയോഗിക്കാൻ യോഗത്തിൽ തീരുമാനമായി. ശുചിത്വ മിഷന്റെ നേതൃത്വത്തിൽ വോളണ്ടിയർമാർക്കായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും. ഗ്രീൻ വോളണ്ടിയർമാർ അവരുടെ പരിധിയിൽ വരുന്ന സ്ഥലങ്ങൾ നിരീക്ഷിച്ച് മാലിന്യവിമുക്തമാണെന്ന് ഉറപ്പുവരുത്തുകയും സമ്മേളന നഗരിയിൽ എത്തുന്നവരെ ബോധവത്കരിക്കുകയും ചെയ്യും. ഡിസ്പോസബിൾ ഗ്ലാസുകൾക്കും പാത്രങ്ങൾക്കും പകരമായി പോഴ്സലൈൻ പാത്രങ്ങളും സ്റ്റീൽ ഗ്ലാസുകളും ഉപയോഗിക്കാനാണ് തീരുമാനം. ആവശ്യമായ സ്റ്റീൽ ഗ്ലാസുകൾ കൈമാറ്റ വ്യവസ്ഥയിൽ വിതരണം ചെയ്യാമെന്ന് ശുചിത്വമിഷൻ പ്രതിനിധി അറിയിച്ചു.

പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, വെള്ളക്കുപ്പികൾ എന്നിവയ്ക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തും. ഭക്ഷണ ശാലയിൽ നിന്നുള്ള ജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ കമ്പോസ്റ്റ് കുഴികൾ കുഴിക്കാൻ തീരുമാനിച്ചു. ഹിസ്റ്ററി കോൺഗ്രസിൽ പങ്കെടുക്കാൻ എത്തുന്നവർക്ക് 11 വേദികളിലും കുടിവെള്ള കിയോസ്കുകൾ ഏർപ്പെടുത്തും. ഫ്ളക്സുകളും ബാനറുകളും പരമാവധി തുണിയിൽ നിർമ്മിക്കുവാനും തീരുമാനമായി. കാമ്പസിനുള്ളിൽ പ്രവർത്തിക്കുന്ന ക്യാന്റീനിലും കടകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാൻ നിർദ്ദേശം നൽകി. ഇൻഡ്യൻ ഹിസ്റ്ററി കോൺഗ്രസുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി എൻജിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ മൊബൈൽ ആപ് വഴി ഗ്രീൻ പ്രോട്ടോക്കോൾ നിർദ്ദേശങ്ങൾ പ്രതിനിധികളെ അറിയിക്കും. ശുചിത്വമിഷൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ അമീർ ഷാ, നഗരസഭ പ്രതിനിധി പി. ഉണ്ണി, സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ ഷാജി, അഡ്വ. എ.എ റഹിം, ഡോ. പി. രാജേഷ്കുമാർ, അഡ്വ. കെ.എസ് ഗോപകുമാർ, എം ശ്രീകുമാർ, പ്രൊഫ. ആർ മോഹനകൃഷണൻ, ഡോ. രാധാമണി പി.എം തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

### ബി.എ സൂക്ഷ്മപരിശോധന

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായും ഓഫ്‌ലൈനായി

അപേക്ഷിച്ചവർ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി ഡിസംബർ 26 മുതൽ 2017 ജനുവരി ഏഴ് വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് വരെയുള്ള സമയങ്ങളിൽ ഇ.ജെ V സെക്ഷനിൽ ഹാജരാകണം.

## മൂന്നാം സെമസ്റ്റർ എം.എഫ്.എ പരീക്ഷ

കേരള സർവകലാശാല 2017 ജനുവരി മൂന്നിന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫൈൻ ആർട്സ് പരീക്ഷയ്ക്ക് പിഴകൂടാതെ ഡിസംബർ 24 (50 രൂപ പിഴയോടെ ഡിസംബർ 26, 250 രൂപ പിഴയോടെ ഡിസംബർ 28) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അക്കാദമിക് കലണ്ടർ

കേരള സർവകലാശാല ആറാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ക്ലാസുകൾ ഡിസംബർ 21-ന് തുടങ്ങും. ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ (2016 അഡ്മിഷൻ), നാലാം സെമസ്റ്റർ (2015 അഡ്മിഷൻ), ആറാം സെമസ്റ്റർ (2014 അഡ്മിഷൻ) കോഴ്സുകളുടെ അക്കാദമിക് കലണ്ടർ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂണിൽ നടത്തിയ അവസാന വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ (2013 മുതലുള്ള അഡ്മിഷൻ - പുതിയ സ്കീം & 2013 ന് മുമ്പുള്ള അഡ്മിഷൻ, പഴയ സ്കീം) റഗുലർ & സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പുനർമൂല്യനിർണ്ണയം/ സൂക്ഷ്മപരിശോധന

കേരള സർവകലാശാല ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ് - 2014 റഗുലർ, 2013 ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2017 ജനുവരി 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

## അറബിക് കാലിഗ്രാഫി മത്സരഫലം

കേരള സർവകലാശാല കാര്യവട്ടം അറബിക് പഠനവകുപ്പ് അന്താരാഷ്ട്ര അറബി ഭാഷാദിനത്തോടനുബന്ധിച്ച് നടത്തിയ ദേശീയ അറബിക് കാലിഗ്രാഫി മത്സരത്തിന്റെ ഫലം പ്രഖ്യാപിച്ചു. മലപ്പുറം ജാമിഅ: അൽഹിന്ദ് അൽ ഇസ്ലാമിയ വിദ്യാർത്ഥികളായ മിർസാബ്, ഹംന അഫ്ഹം എന്നിവർ യഥാക്രമം ഒന്ന്, രണ്ട് സ്ഥാനങ്ങൾ കരസ്ഥമാക്കി. തൃശ്ശൂർ ചാമക്കാല നഹ്ജുർ റശംദ് അറബിക് കോളേജിലെ സാദിഖ് എം മൂന്നാം സ്ഥാനം നേടി.

വിജയികൾക്കുള്ള സമ്മാനം ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് വച്ച് നടക്കുന്ന അന്താരാഷ്ട്ര സെമിനാറിൽ വിതരണം ചെയ്യും.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

21.12.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**